മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ: 188

നമ്മുടെ അധികാരത്തിൽപ്പെട്ട സഭയിലെ പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്

കർത്താവിൽ വാത്സല്യമുള്ളവരെ,

ലഹരി വസ്തുക്കളുടെ ലഭ്യത, ഉപയോഗം, നവമാധ്യമങ്ങളോടും ഇന്റർനെറ്റ് ഗെയിമുകളോടും മൊബൈൽ ഫോണുകളോടുമുള്ള ആസക്തി ഭയാനകമാം വിധം വർദ്ധിച്ച ഈ കാലഘട്ടത്തിൽ ഇതിന്റെ അപകടാവസ്ഥയെ ക്കുറിച്ച് ബോധവൽക്കരിക്കുന്നതിനും നാശത്തിലേക്ക് വഴുതി വീഴാതെ മാനവ സമൂഹത്തെ രക്ഷിക്കുന്നതിനും വിവിധ ആസക്തികൾക്ക് അടിമകളായവരെ വീണ്ടെടുക്കുന്നതിനും സഭ പ്രതിജ്ഞാബദ്ധമാണ്. ഈ ലക്ഷ്യങ്ങളോ ടുകൂടി ആരംഭിച്ച ലഹരി വിമോചന സമിതി, അതിന്റെ പ്രവർത്തനങ്ങൾ മിഷൻ ടു പാരീഷ്, മിഷൻ ടു സ്കൂൾസ് /കോളേജസ്, മിഷൻ ടു ആൽക്കഹോളിക് അനോണിമസ്, മിഷൻ ടു പബ്ലിക് അവയർനസ്, മിഷൻ ടു റീഹാബി റ്റേഷൻ എന്നീ 5 മേഖലകളിലായി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. 2026 ജൂൺ 21 മുതൽ 28 ഞായർ വരെയുള്ള ഒരാഴ്ച ലഹരി വിരുദ്ധ വാരമായി സഭ വേർതിരിച്ചിരിക്കുന്നു. ജൂൺ 28-ാം തീയതി ഞായറാഴ്ച ലഹരി വിരുദ്ധ ദിനമായി ആചരിക്കണം. '**വിശുദ്ധിയിൽ സൂക്ഷിക്കേണ്ട ശരീരവും ജീവിതവും എന്നതാണ്**' ഈ ദിനത്തിലെ പ്രത്യേക വിഷയം.

അഭിവന്ദ്യ ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ ചെയർമാനായായുള്ള കമ്മിറ്റി ലഹരി വിമോചന സമിതിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. നമ്മുടെ എല്ലാ ഇടവകകളിലും ലഹരി വിമോ ചന സമിതിയുടെ ശാഖകൾ ആരംഭിച്ചുകൊണ്ടിരിക്കുന്നു. ഇടവകയ്ക്ക് പുറത്തും ഈ ശ്രേഷ്ഠമായ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകേണ്ടത് അത്യന്താപേക്ഷിതമായ സംഗതിയാണ്.

സഭ ഒന്നടങ്കം ലഹരി ആസക്തി എന്ന തിന്മയ്ക്കതിരെ പോരാടേണ്ടതാവശ്യമാണ്. ആധുനീക വിദ്യയുടെ പുത്തൻ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ഈ സന്ദേശം എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കണം. ജൂൺ 28-ാം തീയതി ഞായറാഴ്ച പ്രത്യേക ആരാധനക്രമം ഇടവകകളിൽ ഉപയോഗിക്കണം. ലഹരി വിരുദ്ധ പ്രചാരണ ത്തോടൊപ്പം റാലികൾ, പദയാത്രകൾ, പൊതു സമ്മേളനങ്ങൾ, തെരുവ് നാടകങ്ങൾ ആദിയായവ സംഘടിപ്പിച്ച് ജനങ്ങളെ ജാഗരൂകരാക്കണം. പ്രത്യേകിച്ച് കുട്ടികൾ, യൗവനക്കാർ എന്നിവർക്ക് വേണ്ടി സ്കൂൾ, കോളേജ് തല ങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ ക്രമീകരിക്കണം. അവർ ഒരു വിധത്തിലും നമുക്ക് നഷ്ടപ്പെടരുത്. ഇതിൽ സൺഡേസ്കൂളും യുവജനസഖ്യവും മുൻ കൈ എടുക്കണം.

മലയാലപ്പുഴ നവജീവകേന്ദ്രം, കോട്ടയം മോചന, ചുങ്കത്തറ ഉപ്പട കരുണ ഡീ -അഡിക്ഷൻ സെന്റർ, പേയാട് നൈർമല്യാ, വാളകം ആശ്വാസ്, അടൂർ അനുഗ്രഹ, കിടങ്ങന്നൂർ നവദർശൻ, കുമ്പനാട് ഫാമിലി എൻറിച്ച്മെന്റ് ആന്റ് ഡി- അഡിക്ഷൻ സെന്റർ, വയനാട് മുക്തി, അഗളി ദർശന, പൊള്ളാച്ചി നവജ്യോതി, ചെങ്ങന്നൂർ പെണ്ണുക്കരയിലെ സ്ളോമോ ഇ-ഡി-അഡിക്ഷൻ സെന്റർ മുതലായ ഡീ-അഡിക്ഷൻ സെന്ററുകളിൽ ചികിത്സ, ബോധവൽക്കരണ ക്ലാസ്സുകൾ, കൗൺസിലിംഗ്, ആൽക്കഹോളിക് അനോണിമസ് മീറ്റിംഗുകൾ തുടങ്ങിയവ നടത്തി വരുന്നു.

നമ്മുടെ സഭാംഗങ്ങൾ, ക്രിസ്തീയ സാക്ഷ്യം നിലനിർത്തുന്നതിന്റെ ഭാഗമായി ലഹരി വസ്തുക്കളുടെ ഉപയോഗ ത്തിൽ നിന്നും പൂർണ്ണമായി വിട്ടു നിൽക്കേണ്ടതാണ്. എല്ലാ വ്യക്തികളും ലഹരി വിരുദ്ധ പ്രതിജ്ഞ ഏറ്റെടുത്ത് ലഹരി മുക്ത വ്യക്തിത്വം, ലഹരി മുക്ത കുടുംബം, ലഹരി മുക്ത ഇടവക, ലഹരി മുക്ത സമൂഹം എന്നീ ലക്ഷ്യപ്രാ പ്തിയ്ക്കായി ഒന്നിച്ച് പ്രവർത്തിക്കണം. ലഹരി വിപത്തിൽ നിന്നും നമ്മുടെ സമൂഹത്തെ രക്ഷിക്കുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങളും ഫലകരമാകുന്നതിന് ആവശ്യമായ പരിശുദ്ധാത്മ ശക്തി ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

നമ്മുടെ കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ

എന്ന് ക്രിസ്താബ്ദം 2026 മെയ് മാസം 29-ാം തീയതി തിരുവല്ല പൂലാത്തിനിൽ നിന്നും

ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ